LIBRARY ARCHIVES Kerala Legislative Assembly

- വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കാർഷിക വിളകൾ കൃഷി ചെയ്യുന്നതിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

- വനാതിർത്തികളിൽ നിന്ന് വന്യമൃഗങ്ങൾ ജനവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുവാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടിക്ക് 2020-21 ചെലവായ തുകയുടെ സർക്കിൾ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

സർക്കിൾ	ചിലവായ തുക (ലക്ഷത്തിൽ)
ഉത്തരമേഖലാ വന്യജീവി വിഭാഗം, പാലക്കാട്	1445.20
അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്	17.003
ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം.	96.89
സെൻട്രൽ സർക്കിൾ, തൃശ്ശൂർ	202.08
ഉത്തരമേഖല സർക്കിൾ, കണ്ണൂർ	366.43
ദക്ഷിണമേഖല സർക്കിൾ, കൊല്ലം	150.80
ഈസ്റ്റേൺ സർക്കിൾ, പാലക്കാട്	290.46
ഹൈറേഞ്ച് സർക്കിൾ, കോട്ടയം	110.26
ആകെ	2679.123

വന്യജീവി പ്രതിരോധം

88(593) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ കൃഷിയിടങ്ങൾ നശിപ്പിക്കുന്നതും കർഷകർക്ക് നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ?

ഉണ്ട്.

(ബി) വന്യജീവികൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനായി ശാസ്ത്രീയമായ എന്തെങ്കിലും മാർഗ്ഗങ്ങൾ കൊണ്ടുവരാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

വ്യക്തമാക്കാമോ?

വന്യമൃഗങ്ങൾ വനത്തിനോട് ചേർന്നുള്ള മനുഷ്യവാസ മേഖലകളിലും കൃഷിയിടങ്ങളിലും പ്രവേശിക്കുന്നത് തടയുന്നതിനായി വനം വകുപ്പ് താഴെ പറയുന്ന പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്-

- വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

- നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം / താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ച് വരുന്നു

- വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലികളും, ആന പ്രതിരോധ മതിലുകളും, കിടങ്ങുകളും, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

- പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- കാട്ടാനപ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

- സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

- മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടി സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

- കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനവും, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും നടത്തിവരുന്നുണ്ട്.

- വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

- കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18-5-2020-ലെ സ.ഉ.(സാധാ)111/2020/വനം പ്രകാരം ഉത്തരവായിട്ടുണ്ട്.

- വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ.നമ്പർ (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

- വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്ത് നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.നമ്പർ (കൈ) 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നൽകിവരുന്നുണ്ട്.

- വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കാർഷികവിളകൾ കൃഷിചെയ്യുന്നതിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു

- വന്യമൃഗ ശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.